കേരള സർക്കാർ GOVERNMENT OF KERALA
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
KERALA STATE INSTITUTE OF LANGUAGES
നാളന്ദ, തിരുവനന്തപുരം - 695003, കേരള
Nalanda, Thiruvananthapuram - 695003, Kerala

*പ്രസിദ്ധീകരണത്തിന്: -* **തീയതി: 04.02.2023**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ നടത്തിയ പത്രസമ്മേളനം.**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരങ്ങൾ; കൃതികൾ ക്ഷണിച്ചു. ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.**

***എൻ. വി. കൃഷ്ണവാര്യർ സ്മാരക വൈജ്ഞാനിക പുരസ്കാരം, കെ. എം. ജോർജ് സ്മാരക ഗവേഷണ പുരസ്കാരം, എം. പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം***

തിരുവനന്തപുരം : വൈജ്ഞാനികമേഖലയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 3 വിഭാഗങ്ങളിലായി പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചിരുന്നു. എൻ. വി. കൃഷ്ണവാര്യർ സ്മാരക വൈജ്ഞാനിക പുരസ്കാരം, കെ. എം. ജോർജ് സ്മാരക ഗവേഷണ പുരസ്കാരം, എം. പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം എന്നിവയ്ക്കായി ഫെബ്രുവരി 10 വരെ യാണ് കൃതികൾ സമർപ്പിക്കാനുള്ള തീയതി നിശ്ചയിച്ചിരുന്നത്. എന്നാൽ അപേക്ഷ സ്വീകരിക്കാനുള്ള അവസാന തീയതി 2023 ഫെബ്രുവരി 20 വരെ ദീർഘിപ്പിച്ചിരിക്കയാണെന്ന് ഡയറക്ടർ ഡോ. എം. സത്യൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ഒരു ലക്ഷം രൂപയാണ് ഓരോ വിഭാഗത്തിനും നൽകുന്ന അവാർഡ്.

2022 ജനുവരി-ഡിസംബർ മാസത്തിനിടയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളായിരിക്കണം വൈജ്ഞാനിക അവാർഡിനും വിവർത്തന അവാർഡിനും സമർപ്പിക്കേണ്ടത്. ശാസ്ത്രസാങ്കേതിക വിഭാഗം, ഭാഷാ-സാഹിത്യ പഠനങ്ങൾ, സാമൂഹികശാസ്ത്രം, കല/സംസ്കാരപഠനങ്ങൾ എന്നീ മേഖലകളിൽനിന്നുള്ള ഗ്രന്ഥങ്ങളായിരിക്കും ഈ രണ്ടു വിഭാഗങ്ങളിലും അവാർഡിനായി പരിഗണിക്കുക. ഇംഗ്ലീഷ് ഭാഷയിൽനിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് വിവർത്തനപുരസ്കാരത്തിന് പരിഗണിക്കുക. 2022 ജനുവരിയ്ക്കും ഡിസംബറിനുമിടയിൽ ഏതെങ്കിലും ഇന്ത്യൻ സർവകലാശാലകളിൽ നിന്ന് അവാർഡ് ചെയ്യപ്പെട്ട ഡോക്ടറൽ/പോസ്റ്റ് ഡോക്ടറൽ പ്രബന്ധങ്ങളുടെ മലയാളവിവർത്തനമായിരിക്കണം ഗവേഷണ പുരസ്കാരത്തിനുള്ള സമർപ്പണങ്ങൾ. മറ്റുഭാഷകളിൽ സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി വേണം സമർപ്പിക്കാൻ. ഗവേഷണപ്രബന്ധങ്ങൾ അംഗീകരിച്ചുവെന്നുള്ള സർവകലാശാലകളുടെ സാക്ഷ്യപത്രംകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം. വിവിധ സർവ്വകലാശാലകളിൽ നടക്കുന്ന ജ്ഞാനോത്പാദനത്തെ മലയാളഭാഷയിലേക്ക് എത്തിക്കാനുള്ള ഒരു ഉപാധിയായിക്കൂടിയാണ് ഈ പുരസ്കാരം വിഭാവനം ചെയ്തിട്ടുള്ളത്.

പുരസ്കാരത്തിനുള്ള സമർപ്പണങ്ങൾ ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം- 695003 എന്ന വിലാസത്തിൽ 2023 ഫെബ്രുവരി 20 വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭിച്ചിരിക്കണം. വൈജ്ഞാനിക പുരസ്കാര ത്തിനും വിവർത്തന പുരസ്കാരത്തിനും സമർപ്പിക്കുന്ന പുസ്തകങ്ങളുടെ 4 കോപ്പി വീതമാണ് അയക്കേണ്ടത്. ഗവേഷണ പ്രബന്ധങ്ങളുടെ 4 വീതം പകർപ്പുകളാണ് അയക്കേണ്ടത്. ഓരോ മേഖലയിലും മൂന്ന് വിദഗ്ധർ അടങ്ങിയ ജൂറിയാണ് അവാർഡ് നിർണയിക്കുകയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അസി. ഡയറക്ടർമാരായ ഡോ. പ്രിയ വർഗീസ്, ഡോ. ഷിബു ശ്രീധർ, പി.ആർ.ഒ റാഫി പൂക്കോം എന്നിവർ പങ്കെടുത്തു.

ആധുനിക വിജ്ഞാനവിനിമയത്തിനുള്ള ഫലപ്രദമായ മാധ്യമമായി മലയാളഭാഷയെ വികസിപ്പിക്കുക, വ്യത്യസ്ത ഭാരതീയ ഭാഷകൾക്കിടയിൽ പ്രയോജനപ്രദമായ സമ്പർക്കം പുഷ്ടിപ്പെടുത്തുക, സാമൂഹികവും വൈകാരികവുമായ ഉദ്ഗ്രഥനം ഉളവാക്കുന്നതിനുള്ള ഉപാധിയായി പ്രാദേശികഭാഷ അഭിവൃദ്ധിപ്പെടുത്തുന്നതിനു സഹായിക്കുക എന്നീ ലക്ഷ്യങ്ങൾക്ക് വേണ്ടി കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായത്തോടു കൂടി 1968-ൽ സ്ഥാപിക്കപ്പെട്ടതാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. സർവകലാശാലാതലത്തിലുള്ള പാഠപുസ്തകങ്ങളും അധികവായനയ്ക്കുള്ള പുസ്തകങ്ങളും പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിനാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപംകൊണ്ടത്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് അധ്യക്ഷനായും ഡോ.എൻ.വി.കൃഷ്ണവാര്യർ ഡയറക്ടറായും സ്ഥാപിക്കപ്പെട്ട, വൈജ്ഞാനിക പുസ്തക പ്രസിദ്ധീകരണരംഗത്ത് കേരളത്തിലെ പ്രമുഖ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട്, അക്കാദമിക- ബൗദ്ധിക മേഖലകളിലെ സജീവസാന്നിധ്യമാണ്. വിവിധ വിഷയങ്ങളിലെ ക്ലാസിക് കൃതികളുടെ വിവർത്തനം ഉൾപ്പെടെ പ്രസിദ്ധീകരിച്ചുകൊണ്ട് ജ്ഞാനസമൂഹനിർമ്മിതി എന്ന ലക്ഷ്യത്തിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് മുന്നേറുകയാണ്.

പി.ആർ.ഒ
9447 95 6162

**ഡോ. എം. സത്യൻ**
ഡയറക്ടർ